(സി) ഇക്കാര്യത്തിൽ കൂടുതൽ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഏതെങ്കിലും ഉന്നതാധികാരസമിതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) സംസ്ഥാനത്തെ ഇടത്തരം ദേശീയപാതകളുടെ വികസനം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളത് ?

ഉത്തരം

(എ-ഡി) കേന്ദ്രസർക്കാരിന്റെ നയം അനുസരിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്.

പതിബെൽ കമ്പനിക്കു നൽകിയ നഷ്ടപരിഹാരം

193 (1921) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി.ക്കുകീഴിൽ നിർമ്മാണ ചുമതലയുണ്ടായിരുന്ന പതിബെൽ കമ്പനിക്ക് ഭീമമായ നഷ്ടപരിഹാരം നൽകേണ്ടിവന്നതു സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തിയിരുന്നുവോ ;

(ബി) ഈ കമ്പനിക്ക് നൽകാനുണ്ടായിരുന്ന 18 കോടി രൂപ യഥാസമയം നൽകാതിരുന്നതിനാൽ 120 കോടി രൂപ നഷ്ടപരിഹാരം നൽകേണ്ടിവന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്താനും ഇതിന് ഉത്തരവാദികളാരെന്ന് കണ്ടെത്താനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചത് ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ ശിക്ഷണ നടപടികളാണ് സ്വീകരിച്ചത് ?

ഉത്തരം

(എ-സി) പതിബെൽ കമ്പനിക്ക് ഇതുവരെ നഷ്ടപരിഹാരം നല്കിയിട്ടില്ല.

കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി

194 (1922) ശ്രീ. കെ. ബാബു :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഏതൊക്കെ റോഡുകളുടെ പണികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly